പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## 2012-2013-ലെ 'ഇന്ദിരാ ആവാസ് യോജന' പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2680 — 10.07.2015 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ഇ. പി. ജയരാജൻ** | | **ശ്രീ.കെ.സി.ജോസഫ്**<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) | 2012- -2013-ൽ, 'ഇന്ദിരാ ആവാസ് യോജന' പദ്ധതിയുടെ ഗുണഭോക്താക്കളായി സംസ്ഥാനത്ത് ആകെ എത്ര പേരെ തെരഞ്ഞെടുത്തു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം വിവിധ വിഭാഗങ്ങളിലെ ഓരോ ഗുണഭോക്താവിനും എത്ര തുക വീതമാണ് ധനസഹായമായി നിശ്ചയിക്കപ്പെട്ടത് എന്ന് വെളിപ്പെടുത്തുമോ; | (ബി) | 2012-13 ൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന ഐ.എ.വൈയുടെ യൂണിറ്റ് കോസ്റ്റ് എല്ലാ വിഭാഗങ്ങൾക്കും 48,500/- രൂപയാണ്. എന്നാൽ സംസ്ഥാനത്ത് ഇത് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സാമ്പത്തിക വർഷം ഇതിനായി ആകെ എത്ര തുക ആവശ്യമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | 2012-13-ലെ ഐ.എ.വൈ. നടപ്പിലാക്കുവാൻ കേന്ദ്ര, സംസ്ഥാന വിഹിതമായി ആകെ 26828.41 ലക്ഷം രൂപ ആവശ്യമായിരുന്നു. |
| (ഡി) | ഇതിൽ ആകെ എത്ര തുക അനുവദിക്കുകയുണ്ടായി എന്ന് അറിയിക്കുമോ; | (ഡി) | 2012-13 ൽ 20646.47 ലക്ഷം രൂപ കേന്ദ്ര, സംസ്ഥാന വിഹിതമായി അനുവദിക്കുകയുണ്ടായി. |
| (ഇ) | പ്രസ്തുത സാമ്പത്തിക വർഷം പദ്ധതിപ്രകാരം പൂർത്തിയാക്കേണ്ട എത്ര വീടുകൾ പൂർത്തീകരിക്കുകയുണ്ടായി? | (ഇ) | പ്രസ്തുത സാമ്പത്തിക വർഷം 40,144 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം1

2012-13 ൽ സംസ്ഥാനത്ത് ആകെ 44902 ഗുണഭോക്താക്കൾക്കാണ് ഇന്ദിരാ ആവാസ് യോജന പ്രകാരം ഭവന നിർമ്മാണ ധനസഹായം നൽകിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | പട്ടികജാതി | പട്ടികവർഗ്ഗം | ന്യൂനപക്ഷം | പൊതുവിഭാഗം | ആകെ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 3365 | 112 | 498 | 1289 | 5264 |
| 2 | കൊല്ലം | 2805 | 34 | 843 | 1401 | 5083 |
| 3 | പത്തനംതിട്ട | 1107 | 61 | 409 | 684 | 2261 |
| 4 | ആലപ്പുഴ | 862 | 17 | 673 | 1701 | 3253 |
| 5 | കോട്ടയം | 812 | 84 | 500 | 825 | 2221 |
| 6 | ഇടുക്കി | 689 | 404 | 461 | 464 | 2018 |
| 7 | എറണാകുളം | 1157 | 60 | 505 | 393 | 2115 |
| 8 | തൃശ്ശൂർ | 2400 | 33 | 975 | 1468 | 4876 |
| 9 | പാലക്കാട് | 2781 | 291 | 720 | 1319 | 5111 |
| 10 | മലപ്പുറം | 2809 | 113 | 1327 | 868 | 5117 |
| 11 | കോഴിക്കോട് | 1408 | 75 | 544 | 1020 | 3047 |
| 12 | വയനാട് | 134 | 1031 | 339 | 465 | 1969 |
| 13 | കണ്ണൂർ | 210 | 328 | 150 | 226 | 914 |
| 14 | കാസർഗോഡ് | 523 | 453 | 283 | 394 | 1653 |
| | ആകെ | 21062 | 3096 | 8227 | 12517 | 44902 |